# HYDEL BULLET

Issue - 11, Vol - 7, November 2019

A Monthly Publication of the Kerala State Electricity Board Engineers' Association

## Dr. APJ Abdul Kalam Energy Quiz 2019 State Finals







MERRY CHRISTMAS

# Dr. APJ Abdul Kalam Energy Quiz 2019 State Finals conducted on 07.11.2019 at Jawaharlal College of Engineering & Technology Mangalam, Palakkad











**KSEB Engineers' Association**
**Office Bearers 2019 - 20**

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. G. Shaj Kumar (S)
Er. P. Jayakrishnan (N)

**General Secretary**
Er. Sunil K

**Treasurer**
Er. Santhosh E

**Organising Secretaries**
Er. Nishanth B (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G (S)
Er. Nagaraj Bhat K (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K

**Vice Chairman**
Er. Resmi P.S.

**Secretary**
Er. Haridas Vijayan

**Treasurer**
Er. Pradeep S.V

**Joint Secretaries**
Er. Naveen T.R (South)
Er. Pramod Kumar M (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar. P.K
Er. Anoop Vijayan
Er. Sree Lakshmi.L
Er. Priyanka P.S

**Ex. Officio Members**
Er. Sunil K
Er. Santhosh E


# HYDEL BULLET


(A Monthly Publication of the KSEB Engineers' Association)
Vol - 7 Issue - 11 November 2019


## *Contents*


- Editorial
- കെ. ഫോണിൽ ഫോണില്ല.
  ഉള്ളത് കെ. മാത്രം
  *Er. എൻ.ടി. ജോബ്*
- യോഗ്യതയില്ലെങ്കിൽ യോഗത്തിനിരിക്കരുത്
  *ഗുരുജി*
- നോ ഡ്യൂട്ടി ഓഫീസർ അഥവാ
  നോഡൽ ഓഫീസർ *ചന്തു*
- (Renewable Energy & Net Metering) Regulations 2019 – Comments Submitted by KSEBEA
- Dr. APJ Abdul Kalam Energy Quiz 2019 State Finals
- Pre-commissioning checks and tests of high voltage current transformers (CTs)
  *Er. Anoop Vijayan*
- പുതിയുഗപ്പിറവി *Er. ഇ.എം. നസീർ*
- സ്വയം അറിയുക *(സുഭാഷിതം)*
  *Er. കെ. ശശിധരൻ*
- Unselfish action and Selfless action
  *Er. Thomas K.*
- The Compass Syndrome
  *Er. U.S. Ravindran*
- Transformer Oil analysis
  *Er. Dony C.S.*

# Editorial

## Normalising Distribution

Distribution is the most important link in the entire power sector value chain. As the most important interface between utilities and consumers, it is the cash register for the entire sector. Presently primary responsibility for distribution and supply of power to rural and urban consumers rests with the States and Sate Discoms. Government of India provides assistance to states through various Central Sector / centrally sponsored schemes for improving the distribution sector. RGGVY, R-APDRP, Integrated Power Development Scheme (IPDS), DDUGY & 24 X 7 power to all, are some of the approved Schemes of Government of India. Based on the guide lines and targets put forwarded, the GOI is providing financial assistances through grant and soft loan for the implementation of the distribution strengthening works.

Even though the central sponsored schemes are effectively garnered and formulated by many of the power utilities in other part of the country, KSEBL always engineer a different path. In most of the times even without caring the central sponsored schemes, we formulate our own schemes and are being implemented through internal accruals. The infrastructure building is a continuous process and GOI is systematically introducing schemes thereon with adequate funding mechanism. For quite sometime the distribution strengthening works in Kerala are highlighted as targeted schemes of the ruling governments. With the effective formulation of projects based on the central aids, the distribution infrastructure can be built economically with the minimum cost to the utilities.

With the inception of the new government in our state, Project Management Units were introduced in distribution wing for the infrastructure build up with much fanfare and was touted as a panacea for the ills facing Distribution. Now almost two years down the line, Association feel that Distribution has changed from normal to bad and hence the PMU formation needs a rethinking. The rebuilding of the distribution infrastructure and its modernization is very essential, but the economics behind it also is to be properly addressed. When PMUs were launched, Engineers' Association had half-heartedly agreed to the proposal and had suggested some additions/modifications in the structured proposal. While agreeing to a change, we pointed out that shifting an Executive Engineer from Circle and Assistant Executive Engineer from Division will severely affect the functioning of the Circles and Divisions. This comment has become prophetic and Deputy Chief Engineer without a backing of an Executive Engineer is now a severely

handicapped official and is struggling to move things out there, especially in metropolitan cities and in industrial areas. With the shifting of the Executive Engineers from the Electrical Circles, the material procurement and distribution of materials are in total disarray. In the absence of the Deputy Chief Engineers from the Office, the next highest authority in Electrical Circles is Assistant Engineer/ Assistant Executive Engineer. Similar is the situation in most of the Electrical Divisions.

On the contrary PMUs with one Executive Engineer and Assistant Executive Engineers are mostly having leisure time with very low work. Many of the brilliant Engineers in PMUs are sitting idle and are wasting their talent without any serious work to attend to. And most of them have no responsibilities assigned making them non-performing human resources. Despite several indications from field regarding the non-efficacy of PMUs, why the structure is being continued is a dilemma to all. It is rumored that the reluctance to admit the failure due to the egos is the primary problem in properly addressing the issue. The think tanks who introduced the PMUs without any study or thought is to be blamed in this regard.

We had suggested earlier that distribution networks are to be constructed and maintained with relevant technical standards and since it is a highly technical job, it must be entrusted to a separate team. For this separating an existing structure was not at all a solution.

Network Study and Design - Mapping network and updating the same is a continuous and dynamic process and needs a standard /quality software and GIS package. Association had suggested that software packages like “CYMDIST” shall be used in Distribution network study and design. This aspect is still not taken care of and it is high time that such quality and design be introduced in Distribution sector. These tools and learnings will be very effective in countering competition which will be introduced sooner or later in Distribution sector. Similarly quality GIS packages (eg. ArcGIS) and a sound business process shall be introduced for GIS updation and maintenance. A stopgap arrangement like PMU without any direction looks like a failure in addressing the concerns.

The maintenance of network is another highly neglected area which needs a shift in strategy. Online filtering of Transformers, timely life cycle management of the assets, changing/ upgradation/ of conductors/ bridgings/ insulators, maintenance of AB switches etc. which are currently not being done effectively are to be systematically addressed and records kept.

Creating a long term plan for Distribution in a dynamically changing network is not at all a prudent strategy. Moreover, for such a plan, if at all to be made, to rely on mere inputs from field is not viable. This is rightly so because an 11 kV line or Transformer which seems very much need for this year will be totally irrelevant in a different scenario two years late. Hence merely following a plan in toto is not practical and such thinking will create assets which will not be useful in the long

# തീജ്വാല

## കെ. ഫോണിൽ ഫോണില്ല ഉള്ളത് കെ. മാത്രം... കൊള്ളയും കൊള്ളിവെപ്പും



*Er.* എൻ.ടി. ജോബ്
എക്സിക്യൂട്ടീവ് എൻജിനീയർ

**കെ.**ഫോൺ എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയെക്കുറിച്ച് എല്ലാവരും ഇതിനകം കേട്ടു കാണും. എന്നാൽ ഈ കമ്പനി ഒരു ഫോൺ കമ്പനിയുമല്ല; ഇന്റർനെറ്റ് പ്രൊവൈഡർ കമ്പനിയുമല്ല. ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ച് നെറ്റ് വർക്ക് ഉണ്ടാക്കി ലീസിനുകൊടുക്കുമെന്നു മാത്രം. പിന്നെയുള്ളത് ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം കൊള്ളയടിക്കുവാനും വരും വർഷങ്ങളിൽ കിട്ടുമായിരുന്ന വരുമാനത്തിൽ കൊള്ളിവെയ്ക്കാനുംവേണ്ടി ബുദ്ധിജീവികളെന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരുകൂട്ടർ ഉണ്ടാക്കിയെടുത്ത് സ്വയം ഡയറക്ടർ മാരാവാൻ വേണ്ടി ഇലക്ട്രിസിറ്റി ബോർഡിന്റെ മാനേജ്മെന്റിനെകൊണ്ട് ഉത്തരവുകളിൽ ക്ഷ വരപ്പിച്ച് പടച്ചുണ്ടാക്കിയെടുക്കുന്ന ഒരു സ്വകാര്യസംരംഭം മാത്രമാണ്. കെ. ഫോൺ സർക്കാരിന്റെയും ഇലക്ട്രിസിറ്റി ബോർഡിന്റെയും ഓഹരികളാണ് കൂടതലെങ്കിലും ഈ ബുദ്ധി ജീവികളുടെ സ്വകാര്യ ലാഭത്തിനു വേണ്ടി മാത്രവും ഇലക്ട്രിസിറ്റി ബോർഡിനു ഒരു ഗുണവുമില്ലാത്ത ഒന്നുമാണ് ഫോണില്ലാത്ത, ഇന്റർനെറ്റില്ലാത്ത ഈ കെ. ഫോൺ.

---

run and will become unnecessary wastage of money. Works anticipating Overload or underload two years later, is a farce, in the current long term plan and such studies are a waste of money and effort.

Creating works/ plan based on limited funds is not at all a fruitful way to plan. Identifying works according to needs and then scouting for funds is the correct way of addressing problems. We suggested that team for distribution strengthening should be formed without disturbing the existing structures in Distribution sector and in tune with the schemes being introduced by Ministry of power, GOI.

Post PMU formation data collected from field indicates that quantum of works have suffered, no proper reviews are being conducted at Circle or Division levels and total control over Distribution is in disarray due to multiple controls from PMU, Soura, Kfone, Safety etc and mainly due to the lack of time due to the extra burden on Circle and Division Heads.

Association urges the management to seriously rethink about PMU formation and to restore the administrative structure at Circle and Division offices immediately so that Distribution sector is saved from the current lethargy.

✵

എന്നാൽ ഈ കെ. ഫോൺ ജനിക്കുന്നതിന് വളരെ മുന്നേ തന്നെ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ എഞ്ചിനീയർമാർ പ്രത്യേകിച്ചും കണ്ണൂർ സിസ്റ്റം ഓപ്പറേഷൻ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിസിറ്റി ബോർഡിലെ എല്ലാ സബ് സ്റ്റേഷനുകളിലും ഒരു ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയ്ക്കു വേണ്ട ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നൂറ്റിനാൽപ്പത്തേഴുകോടി രൂപയുടെ ഒരു പദ്ധതി രൂപകല്പന ചെയ്ത ബോർഡ് മാനേജ്മെന്റിനു സമർപ്പിച്ചു. നാലപ്പത്തെട്ടു ഫൈബർ ഉള്ള കേബിളുകൾ വലിക്കുവാനാണ് ലക്ഷ്യമിട്ടത്. ഇതിൽ നിലവിൽ പന്ത്രണ്ടു ഫൈബറുകളാണ് നമുക്ക് ആവശ്യമുള്ളത്. ബാക്കി പന്ത്രണ്ടു ഫൈബറുകളും കൂടി റിസർവ്വ് ചെയ്ത് ബാക്കിയുള്ള ഇരുപത്തി നാലു ഫൈബർ ആവശ്യമുള്ള കമ്പനികൾക്ക് ലീസ് ചെയ്ത് വരുമാനമുണ്ടാക്കുകയും ചെയ്യാം എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തത്.

ഇപ്പോൾ നിലവിലുള്ള എണ്ണൂറുകിലോമീറ്റർ ഒപ്ടിക്കൽ ഫൈബർ കേബിളുകളിൽ നമുക്കാവശ്യത്തിലധികമുള്ള ഫൈബറുകൾ ഇതിനകം ലീസ് ചെയ്തിട്ടുണ്ട്. ഇതുവഴി ഒരു ഫൈബറിന് ഒരു കിലോമീറ്ററിന് എണ്ണായിരം ഒരു വർഷത്തേക്ക് എന്ന നിരക്കിൽ ഇലക്ട്രിസിറ്റി ബോർഡിന് വരുമാനമുണ്ടാക്കി കൊണ്ടിരിക്കുന്നുണ്ട്. ഇതുവഴി പ്രതിവർഷം ആറര കോടി രൂപ ലീസ് എന്ന നിലയിൽ ലഭിക്കുന്നുണ്ട്. ഇതുംകൂടി മനസ്സിൽ കണ്ടുകൊണ്ടാണ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ എഞ്ചിനീയർമാർ മുകളിൽ പറഞ്ഞ പദ്ധതി തയ്യാറാക്കിയത്.

എന്നാൽ ഈ പദ്ധതി ബോർഡിന്റെ ആസൂത്രണ വിഭാഗത്തിലേക്കും ബോർഡ് മാനേജ്മെന്റ് തലത്തിലേക്കും എത്തിയപ്പോൾ പരാന്നഭോജികളായ കുറച്ചു ബുദ്ധിജീവികൾ, അവർക്ക് ചോറ് ഇവിടെയും, കൂറ് മറ്റ് പലയിടത്തുമായാണ്. അവർ ഈ പദ്ധതിയെക്കുറിച്ച് അറിഞ്ഞതിനെ തുടർന്ന് ആ പദ്ധതി ടെൻഡർ വിളിക്കേണ്ടന്ന് ഡയറക്ടർ ബോർഡിനെ കൊണ്ട് തീരുമാനമെടുപ്പിച്ചു.

കമ്മ്യൂണിക്കേഷൻ എഞ്ചിനീയർമാർ അധികം വരുന്ന ഫൈബറുകൾ ലീസ് ചെയ്ത് പ്രതിവർഷം നൂറുകോടിയുടെ വരുമാനം ഇലക്ട്രിസിറ്റി ബോർഡിനു ഉണ്ടാക്കാമെന്ന നല്ല ചിന്തയിലായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. ഇതിനുവേണ്ടി കേന്ദ്രസർക്കാരിന്റെ പവർസിസ്റ്റം ഡവലപ്പ്മെന്റ് ഫണ്ടിനെ സമീപിക്കുകയും പദ്ധതിയുടെ മൊത്തം തുകയായ നൂറ്റിനാല്പത്തേഴു കോടി രൂപയുടെ പകുതി തുകയായ എഴുപത്തി നാലുകോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം പദ്ധതിയ്ക്കു ലഭിക്കുകയും ചെയ്തു.

എന്തിനും ഏതിനും കമ്പനികളുണ്ടാക്കുകയും അതിന്റെ ഡയറക്ടർമാരായി സ്വയം അവരോധിക്കുകയും ചെയ്യുന്ന ഒരുകൂട്ടം ബുദ്ധിജീവികൾ, കണ്ണൂർ സിസ്റ്റം ഓപ്പറേഷനിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വളരെ പ്രതീക്ഷയോടെ ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി ഉണ്ടാക്കിയെടുത്ത ഈ പദ്ധതിയാണ് തട്ടിപ്പറിച്ചെടുത്ത് കെ ഫോൺ എന്ന പദ്ധതിയായി അവതരിപ്പിച്ച് അതിനൊരു സ്വകാര്യ ലിമിറ്റഡ് കമ്പനിയുണ്ടാക്കിയത്. ഈ ബുദ്ധിജീവികൾ ആ കറക്കു കമ്പനിയുടെ ഡയറക്ടർമാരായി പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇതിനെ ഇലക്ട്രിസിറ്റി ബോർഡിനെ കൊള്ളയടിക്കുക എന്നല്ലാതെ എന്താണ് വിളിക്കുക.

അവിടംകൊണ്ടും തീർന്നില്ല ഇവരുടെ ലീലാവിലാസങ്ങൾ. വിതരണരംഗത്ത് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ചിരിക്കുന്ന മൂന്നര ലക്ഷം കിലോമീറ്റർ എൽ.ടി. ലൈനിലും, മുക്കാൽ ലക്ഷം കിലോമീറ്റർ എച്ച്.ടി. ലൈനിലും, ഉപയോഗിച്ചിരിക്കുന്ന എല്ലാ

പോസ്റ്റുകളുടെയും അവകാശം ഈ കറക്കു കമ്പനിക്ക് ബോർഡ് എഴുതികൊടുത്തു. ഒരു കോടി പോസ്റ്റാണ് കറക്കുകമ്പനിക്കു പതിച്ചു കിട്ടിയിരിക്കുന്നത്.

നിലവിൽ ഇരുപതുലക്ഷം പോസ്റ്റുകൾ കേബിൾ ടിവിക്കാർക്ക് വലിക്കുവാൻ നല്കിയതിൽ നിന്നും പ്രതിവർഷം നാല്പതു കോടി രൂപ വാടകയിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ വരുമാനവും പോസ്റ്റുകളുടെ അവകാശം ലഭിച്ചതിൽകൂടി കറക്കു കമ്പനിക്കു സ്വന്തമായി.

പ്രതിവർഷം ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ചുകൊണ്ടിരുന്ന നാല്പത്തിയാറുകോടി രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും തട്ടിയെടുത്ത് കെ. ഫോൺ സ്വന്തമാക്കി. ഗ്രാമപ്രദേശങ്ങളിൽ കേബിൾ വലിക്കുന്നതിന് ഒരു പോസ്റ്റിന് ഒരു വർഷത്തേക്കു നൂറ്റി എൺപത്തിയാറു രൂപയും നഗര പ്രദേശങ്ങളിൽ ഇത് മുന്നൂറ്റി എഴുപത്തിയൊന്നു രൂപയുമാണ് കഴിഞ്ഞ വർഷം മെയ് മാസത്തിൽ സർക്കാർ ഇറക്കിയ ഉത്തരവനുസരിച്ച് കെ ഫോണിനു വേണ്ടി ഉപയോഗിക്കുന്ന പോസ്റ്റുകൾക്ക് നിലവിലുള്ള നിരക്കിൽ ഇലക്ട്രിസിറ്റി ബോർഡിന് വാടകയായി നൽകുമെന്നാണ്. അങ്ങിനെയെങ്കിൽ കെ-ഫോണിന് അവകാശം നല്കിയിരിക്കുന്ന ഒരു കോടി പോസ്റ്റുകൾക്ക് പ്രതിവർഷം ഇരുനൂറ്റി അമ്പതുകോടി രൂപ ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടയ്ക്കണം.

കമ്മ്യൂണിക്കേഷൻ എഞ്ചിനീയർമാർ ഉണ്ടാക്കിയ പദ്ധതിയായിരുന്നെങ്കിൽ വലിക്കുന്ന ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ലീസ് ചെയ്യുന്നതിലൂടെ നൂറുകോടി രൂപ പ്രതിവർഷം ഇലക്ട്രിസിറ്റി ബോർഡിന് ലഭിക്കുമായിരുന്നു. എന്നാൽ അതെല്ലാം നഷ്ടപ്പെടുത്തികൊണ്ടാണ് നിലവിലുള്ള ഫൈബറുകളെല്ലാം കെ ഫോണിനു കീഴിലാക്കിയിരിക്കുന്നത്, ഇനി ലീസ് ചെയ്യുവാനുള്ള അവകാശം കെ ഫോണിനു മാത്രം.

നിലവിൽ പോസ്റ്റിന് വാടകയായി ലഭിച്ചുകൊണ്ടിരിക്കുന്ന നാൽപതുകോടി രൂപയും ഒപ്റ്റിക്കൽ ഫൈബർ കേബിളിനു ലഭിക്കുന്ന ലീസ് തുകയായ ആറരകോടിയും ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കും. പത്തുവർഷത്തേയ്ക്ക് കണക്കു കൂട്ടിയാൽ നാനൂറ്റി അറുപതുകോടിരൂപയും നഷ്ടത്തിന്റെ കണക്കിൽ വന്നു.

പ്രസരണ ലൈനുകളുടെയും വിതരണ ലൈനുകളുടെയും റൈറ്റ് ഓഫ് വെ മുഴുവനായും കെ ഫോണിന് നല്കിയിരിക്കുകയാണ്. രാജ്യത്തെ ഒരു പവർ യൂട്ടിലിറ്റിയും ചെയ്യാത്ത കാര്യമാണ് സംസ്ഥാനത്ത് നടക്കുന്നത്.

കെ - ഫോൺ എന്ന കമ്പനിയുടെ ആകെയുള്ള നിക്ഷേപം ഒരു കോടി രൂപയാണ്. ഇതിൽ നാല്പത്തി ഒമ്പതുലക്ഷം ഇലക്ട്രിസിറ്റി ബോർഡിന്റെയും നാല്പത്തി ഒമ്പതുലക്ഷം രൂപ സർക്കാർ ഐ.ടി. കമ്പനിയുടെയും രണ്ടു ലക്ഷം രൂപ സർക്കാരിന്റെയുമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ വക നിലവിലുള്ള എണ്ണൂറു കിലോമീറ്ററിൽ ബാക്കിയുള്ള പന്ത്രണ്ടു ഫൈബറുകളും ഒരു കോടി പോസ്റ്റിന്റെ അവകാശം എല്ലാ പ്രസരണ ലൈനുകളുടെയും റൈറ്റ് ഓഫ് വേയും കെ. ഫോണിന് നല്കുന്നത് ഇല്ക്ട്രിസിറ്റി ബോർഡിന്റെ കെ. ഫോണിലേക്കുള്ള മുടക്കുമുതലായി കണക്കാക്കുമെന്നാണ് പറയുന്നത്.

പുതിയതായി വലിക്കുന്ന എസിഎസ് എസ് കേബിളുകൾ വലിക്കുന്നതിനായി ആയിരത്തി അഞ്ഞൂറ്റി നാൽപത്തേഴുകോടി രൂപയുടെ ടെൻഡർ വിളിച്ചിട്ടുണ്ട്. ഈ തുകയുടെ എഴുപതുശതമാനം ലോണായാണെടുക്കുന്നത്. ഈ ലോൺ കെ ഫോൺ തിരിച്ചടയ്ക്കുമെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. ബാക്കിയുള്ള മുപ്പതുശതമാനം

അതായത് നാനൂറ്റി അമ്പതുകോടി രൂപ ആരടയ്ക്കുമെന്ന് ആരും പറയുന്നില്ല. ഇപ്പോൾ നല്കിയിരിക്കുന്ന അവകാശങ്ങളല്ലാതെ ഇലക്ട്രിസിറ്റി ബോർഡ് ഒരു നയാപൈസ നൽകില്ലെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. അതുപോലെ ലോണിന്റെ തിരിച്ചടവ് കെ ഫോൺ നടത്തണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. ആയതുകൊണ്ട് ലോണിന്റെ തിരിച്ചടവും പലിശയും കെ ഫോൺ കമ്പനി നല്കണമെന്നാണ് സർക്കാർ ചട്ടം പറയുന്നത്. ഇങ്ങിനെ നടക്കണമെങ്കിൽ കെ ഫോണിനു കാര്യമായിതന്നെ വരുമാനം വേണം.

ഇതിനിടയിൽ ഇലക്ട്രിസിറ്റി ബോർഡിനെ കേന്ദ്ര സർക്കാർ പി.എസ്.ഡി.എഫ്. സ്കീമിലൂടെ നൽകുന്ന എഴുപത്തിനാലു കോടി രൂപയും കെ ഫോണിന് കൊടുക്കുവാനുള്ള വ്യഗ്രതയിലാണ് അധികൃതർ. അതിനുവേണ്ടി ബോർഡ് ഉത്തരവിറക്കുവാൻ തയ്യാറായി കഴിഞ്ഞു. കേബിളുകൾ മാത്രമാണ് കെ ഫോൺ വലിക്കുന്നത്. അതിനു ഇലക്ട്രിസിറ്റി ബോർഡിനുവേണ്ട ഉപകരണങ്ങളെല്ലാം ബോർഡ് ചെലവിൽ തന്നെ വെയ്ക്കേണ്ടിവരും. അതിന്റെ അമ്പതു ശതമാനം ഗ്രാന്റായി കിട്ടേണ്ട തുകയും കെ ഫോണിലേക്കു പോകുകയാണ്. കെ. ഫോണിനു വേണ്ടുന്ന മൂന്നൂറ്റി എഴുപത്തെട്ടു സബ്സ്റ്റേഷനുകളിൽ സ്ഥലവും വൈദ്യുതി കണക്ഷനും നൽകുന്നുണ്ട്. ഇതിൽ മുന്നൂറ്റി അമ്പതു കേന്ദ്രങ്ങളിൽ പതിനഞ്ചു കിലോവാട്ടും ഇരുപത്തെട്ടു കേന്ദ്രങ്ങളിൽ മുപ്പതു കിലോവാട്ടും കണക്റ്റഡ് ലോഡുണ്ട്. ഇതിനു ഇന്നത്തെ താരിഫ് പ്രകാരം നൂറു രൂപയും നൂറ്റി എഴുപതു രൂപയും ഒരു കിലോവാട്ടിന് പ്രതിമാസം ലഭിക്കണം. അങ്ങിനെയെങ്കിൽ ഫിക്സഡ് ചാർജായി മാത്രം പത്തുലക്ഷം രൂപ ഇലക്ട്രിസിറ്റി ബോർഡിലേക്ക് പ്രതിമാസം അടയ്ക്കണം. ഇതിനുപുറമെ ഓരോ കേന്ദ്രത്തിലും ചുരുങ്ങിയത് നൂറ്,ഇരുനൂറ് യൂണിറ്റ് ക്രമത്തിൽ ഉപയോഗം വരും. പ്രതിദിനം ഇതിനായി പ്രതിമാസം എൺപതുലക്ഷം കറന്റ് ചാർജ് അടയ്ക്കണം.

വിതരണരംഗത്ത് വലിക്കുന്ന കേബിളുകളുടെയും പവർ പോയിന്റുകളുടെയും കണക്കുകൾ ഇതുവരെ പുറത്തുവരാത്തതുകൊണ്ട് കൃത്യമായി പറയാനാവില്ല.

നാലായിരം കിലോമീറ്ററാണ് ബോർഡ് ലക്ഷ്യമിട്ടതെങ്കിൽ കെ ഫോൺ വലിക്കുന്നത് മൂവ്വായിരം കിലോമീറ്റർ മാത്രമാണ്. ബാക്കി ആയിരം കിലോമീറ്റർ ബോർഡ് ചെലവിൽ വലിക്കേണ്ടിവരും. കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി മൊത്തമായും കെ ഫോണിന് കൊടുക്കുവാൻ ഉത്തരവാകുന്നതുകൊണ്ട്, ബോർഡ് വലിക്കേണ്ട കേബിളുകളുടെയും ഉപകരണങ്ങളുടെയും മൊത്തം ചെലവ് ബോർഡ് വഹിക്കേണ്ടിവരും.

പ്രസരണ ടവറുകളിൽ കൂടി വലിക്കുന്ന മൂവ്വായിരം കിലോമറ്റർ നടത്തിക്കൊണ്ടു പോകുവാൻ പ്രതിമാസം ഒരു കോടി രൂപ വരുന്നുണ്ടെങ്കിലും മൂന്നരലക്ഷം കിലോമീറ്റർ വരുന്ന എൽ.ടി. ലൈനുകളിലായി മുഴുവനായി വലിച്ചാൽ മാത്രമേ ലക്ഷ്യം കൈവരിക്കാനാവുകയുള്ളുവെന്നതുകൊണ്ട് പ്രതിമാസ ചെലവ് എഴുപത്തിയഞ്ചു കോടിയിലധികം വേണ്ടിവരും.

പ്രതിവർഷം ആയിരം കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു കോടി പോസ്റ്റുകൾക്കുള്ള വാടക നല്കുകയാണെങ്കിൽ അതിനുവേണം പ്രതിവർഷം ഇരുന്നൂറ്റമ്പതുകോടി രൂപ.

കെ. ഫോൺ എന്നത് ഒരു നെറ്റ് വർക്ക് കമ്പനി മാത്രമാണെന്നും ഇതിലൂടെ പോകുന്ന ഡാറ്റ കെ ഫോണിന്റേതല്ലെന്നും ഇതിനകം പുറത്തുവന്നു കഴിഞ്ഞിട്ടുണ്ട്. അങ്ങിനെയെങ്കിൽ കെ ഫോണിന് ഉപഭോക്താക്കളിൽ നിന്ന് കണക്ഷൻ ചാർജ് മാത്രമാണ് ലഭിക്കുക. സംസ്ഥാനത്ത് കേരള വിഷൻ ഇത്തരത്തിൽ

നല്കുന്ന കണക്ഷനുള്ള കണക്ഷൻ ചാർജ് മൂവ്വായിരം രൂപയാണ്. അതും ഒറ്റത്തവണ മാത്രം. കേരള വിഷന്റെ കേബിളുകളിലൂടെയുള്ള ഡാറ്റ ബി.എസ്.എൻ.എല്ലിന്റേതാണ്, ഡാറ്റായ്ക്കുളള പൈസ ബി.എസ്.എൻ. എല്ലിനാണ് കിട്ടുന്നത്. കേരള വിഷന് കേബിൾ ടി വി കൂടിയുള്ളതുകൊണ്ട് അതിനുള്ള പൈസ അവർക്കു കിട്ടുന്നുണ്ട്. എന്നാൽ അങ്ങിനെയുള്ള ഒരു വരുമാനം കെ ഫോണിന് ഉണ്ടാവില്ല.

കേരളത്തിലെ ഒന്നേകാൽ കോടി കൺസ്യൂമർ മുഴുവനായും കണക്ഷനെടുത്താൽ അതിൽ ഇരുപതുലക്ഷം സൗജന്യമായി നൽകിയാൽ ബാക്കിയുള്ള ഒരു കോടി കണക്ഷനുകളിൽ നിന്നും ലഭിക്കുക മൂവ്വായിരം കോടി രൂപയാണ്, അതിൽതന്നെ സ്കൂളുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും കണക്ഷൻ സൗജന്യമാണ്. അത്തരത്തിൽ മുപ്പത്തയ്യായിരം കണക്ഷനുകൾ സ്കൂളുകൾക്കും ലക്ഷകണക്കിനു സർക്കാർ ഓഫീസുകൾക്കും വരും.

മൊത്തം നെറ്റ് വർക്ക് ഉണ്ടാക്കുന്നതിന് ബെൽ എന്ന കമ്പനിക്ക് ആയിരത്തിയഞ്ഞൂറു കോടി രൂപയ്ക്കാണ് പ്രവൃത്തി നൽകിയിട്ടുള്ളത്. ഈ നെറ്റ് വർക്ക് നിലനിർത്തുവാൻ വർഷാവർഷം ആയിരത്തിയഞ്ഞൂറുകോടി രൂപയും വേണ്ടിവരും. ഈ തുക ഡാറ്റാ പ്രൊവൈസർമാരിൽ നിന്നും ലഭിച്ചില്ലെങ്കിൽ ചെന്നു വീഴുന്ന കടബാധ്യത വളരെ വലുതായിരിക്കും, അങ്ങിനെ വരുന്ന കടബാധ്യത ഇലക്ട്രിസിറ്റി ബോർഡ് വഹിക്കില്ലെന്ന് സർക്കാർ ഉത്തരവുണ്ടെങ്കിലും, നാല്പത്തിയൊമ്പതു ശതമാനം ഓഹരി കയ്യിലിരിക്കുന്ന ഇലക്സ്ട്രിറ്റി ബോർഡിന് കമ്പനി നിയമപ്രകാരം എങ്ങിനെയാണ് ഒഴിഞ്ഞു മാറുവാൻ സാധിക്കുക എന്ന് ചിന്തിക്കുന്നത് ഈ ഘട്ടത്തിൽ നല്ലതാണ്.

വൈദ്യുത നിയമഭേദഗതി പ്രകാരം കാരിയർ & കണ്ടന്റ് എന്ന രീതിയിൽ കറന്റിനെയും നെറ്റ് വർക്കിനെയും രണ്ടായി തിരിക്കുന്നതിനെതിരെ ശക്തമായ സമരം നയിക്കുന്ന നമ്മൾതന്നെ കമ്മ്യൂണിക്കേഷൻ മേഖലയിൽ നെറ്റ്‌വർക്കും ഡാറ്റായും രണ്ടാക്കി കൊണ്ടുപോകുന്നതിന് മുൻകയ്യെടുക്കുമ്പോൾ ഈ കുട്ടിനേതാക്കന്മാർക്കൊന്നും ഒരുചളിപ്പുമില്ലേ.

വൈദ്യുതി മേഖലയിൽ പാടില്ലെന്നു പറയുന്ന കാര്യം കമ്മ്യൂണിക്കേഷൻ മേഖലയിൽ ആവാം എന്നു പറയുന്ന ഇരട്ടത്താപ്പ് രാഷ്ട്രീയത്തിനുവേണ്ടി രാഷ്ട്രീയ സംഘടനകളുടെ തലത്തൊട്ടപ്പന്മാർ പ്രായോഗികമായ യാതൊരു അറിവുമില്ലാതെ പടച്ചുണ്ടാക്കുന്ന ഇത്തരം പദ്ധതികളെക്കുറിച്ച് ജീവനക്കാരെങ്കിലും ചിന്തിക്കുന്നത് നല്ലതായിരിക്കും.

ശമ്പളവും പെൻഷനും ഇല്ലാതെ നമ്മൾ അലയേണ്ടി വരുമ്പോൾ ഒരു ജനവും നമ്മളെ പിന്തുണയ്ക്കുവാൻ ഉണ്ടാകില്ല. ജീവനക്കാരുടെ പിടിപ്പുകേടുകൊണ്ട് നഷ്ടത്തിലായി എന്നു മാത്രമെ അവർ ചിന്തിക്കുകയുള്ളു. ജനം ഉപയോഗിക്കുന്ന കറന്റിന് അവർ പൈസ അടയ്ക്കുന്ന കാലത്തോളം ഇലക്ട്രിസിറ്റി ബോർഡിനുണ്ടാകുന്ന നഷ്ടത്തിന് ജനം ഉത്തരവാദികളല്ല.

നമ്മൾ നമുക്കുള്ള കഴിവുകൾ രാഷ്ട്രീയത്തിന്റെ പേരിൽ ഉണ്ടാക്കിയതുകൊണ്ട് ഒരു ഗുണവുമില്ല, ഈ നേതാക്കന്മാർക്ക് കമ്പനി ഡയറക്ടർമാരോ അല്ലെങ്കിൽ അവർക്കുവേണ്ടി പുതിയ പുതിയ ലാവണങ്ങൾ ഉണ്ടാക്കികൊടുക്കാമെന്നു മാത്രം. ഡയറക്ടർമാരാക്കി വിരമിച്ചാലും മൂന്നുകൊല്ലം സർവ്വീസിൽ തുടരാനുള്ള സാഹചര്യം ഒരുക്കി കൊടുക്കാമെന്നുമാത്രം. ഈ കുറച്ചുനേതാക്കന്മാർക്കുവേണ്ടി മൊത്തം ജീവനക്കാരും സഹിക്കേണ്ടതുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ തീവെട്ടിക്കൊള്ളയും കൊള്ളക്കാരേയും എല്ലാവരും തിരിച്ചറിയുക, അതുമാത്രം.

# യോഗ്യതയില്ലെങ്കിൽ യോഗത്തിനിരിക്കരുത്

*ഗുരുജി*

വിദ്യുത്ച്ഛക്തി ബോർഡിന്റെ ഉന്നത തലത്തിൽ ചേരുന്ന പല യോഗങ്ങളിലും ചില മഹത് വ്യക്തികൾ പങ്കെടുക്കുകയും വലിയ വായിൽ വലിയ കാര്യങ്ങൾ വെച്ചു നിരത്തുകയും മറ്റുള്ളവർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ വെട്ടി നിരത്തുകയും ചെയ്യും. എന്നാൽ യോഗത്തിന്റെ ഔദ്യോഗിക മിനിറ്റ്സ് പുറത്തു വരുമ്പോൾ ഇവരുടെ പേരുമുണ്ടാവില്ല, ഇവർ പറഞ്ഞതായി ഒരഭിപ്രായവുമുണ്ടാവില്ല. മിനിറ്റ്സിൽ പേരുവെയ്ക്കുവാൻ കഴിയില്ലെങ്കിൽ ഇവർക്ക് യോഗത്തിൽ പങ്കെടുക്കുവാൻ യോഗ്യതയില്ലാത്തവരാണെന്നാണ് നമുക്കു മനസ്സിലാക്കുവാൻ കഴിയുക. അങ്ങിനെയുള്ളവർ ഇങ്ങിനെയുള്ള മീറ്റിംഗുകളിലിരുന്നു വാചകമടിക്കുന്നത് അത്ര നല്ലകാര്യമല്ല. ഇത്തരക്കാർ അടിച്ചുവിടുന്ന അഭിപ്രായങ്ങൾ അനുസരിച്ച് കാര്യങ്ങൾ തീരുമാനിച്ച് നടപ്പിലാക്കുന്നവർ പൊട്ടന്മാരും, ഇവരെല്ലാം മിടുക്കന്മാരും ആകും. യോഗ തീരുമാനങ്ങൾ നടപ്പിലാക്കി കഴിഞ്ഞുണ്ടാകുന്ന ഭൂകമ്പങ്ങളിൽ ഭൂചലനം സംഭവിക്കുന്നത് പാവത്താന്മാരായ ബാക്കിയുള്ളവർക്കും, ചരിത്ര രേഖകളിലൊന്നും ഇവരുടെ പേരുകാണില്ല. എന്താണെങ്കിൽ ഇവരൊക്കെ മിടുക്കന്മാരാണല്ലോ.

ചുരുങ്ങിയ പക്ഷം ഇത്തരം യോഗങ്ങളുടെ വീഡിയോ കവറേജ് സൂക്ഷിച്ചുവെക്കുന്നത് പിൽക്കാലത്ത് ഗുണം ചെയ്യും. നയപരമായ കാര്യങ്ങളിൽ പോലും ഇങ്ങിനെയുള്ളവരോരോന്നു പറഞ്ഞിട്ടുപോകും, എന്നാൽ പിന്നീട് വരുന്ന നയരേഖയിലൊന്നും ഇതുണ്ടാവില്ല. ഔദ്യോഗികമായി പങ്കെടുക്കുവാൻ അർഹതയില്ലാത്തവരെ യോഗത്തിനു വിളിച്ചിരുത്തുന്നത് തന്നെ തെറ്റായ പരിപാടിയാണെങ്കിലും തുടർന്നുകൊണ്ടേയിരിക്കുന്നു. മഹത് വ്യക്തികളുടെ ഉപദേശങ്ങൾ ആവശ്യമുള്ളവർ അവരുമായി സ്വകാര്യമായി സംസാരിച്ച് ആശയ രൂപീകരണം നടത്തുകയാണ് വേണ്ടത്. അല്ലാതെ പാവം ഉദ്യേഗസ്ഥരെ പേടിപ്പെടുത്താനായി ഒരു കോലമായി നാട്ടിവെക്കുന്നതിൽ മഹത്വമൊന്നുമില്ല.

ധൈര്യമുള്ളവരാണെങ്കിൽ അഭിപ്രായം പറയുകയും മിനിറ്റ്സിൽ പറഞ്ഞതായി രേഖപ്പെടുത്തുകയും വേണം. അല്ലാതെ ഒരു അഴകൊഴമ്പൻ നയം സ്വീകരിക്കുന്നത് അവരുടെ വ്യക്തിത്വത്തെ തന്നെ മോശമായി ചിത്രീകരിക്കും.

ഇത്തരക്കാരുടെ വേറൊരു വിനോദമാണ് പല ഉദ്യോഗസ്ഥരെയും ഫോണിൽ വിളിച്ച് നിർദ്ദേശം നൽകൽ, ഇവർക്കൊക്കെ അതിന് എന്ത് യോഗ്യതയാണുള്ളത്. ബോർഡ് ചെയർമാനും ഡയറക്ടർമാരുമൊക്കെ ഉള്ളപ്പോൾ, അവർ വഴിയല്ലാതെ ചിലർ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരെ വിളിച്ച് ചീത്തവിളിക്കുന്നുണ്ട്. ഇതെന്താ വെള്ളരിക്കാപട്ടണമാണോ. ഓരോ കാര്യങ്ങൾ വിളിച്ചു പറഞ്ഞ്, അത് ചെയ്തില്ലെങ്കിൽ മൂക്കുചെത്തികളയുമെന്ന തരത്തിലുള്ള ഭീഷണികളുന്നയിക്കുന്ന

# നോ ഡ്യൂട്ടി ഓഫീസർ അഥവാ നോഡൽ ഓഫീസർ

*ചന്തു*

സ്വന്തമായി ഒരു എസ്റ്റിമേറ്റ്പോലും പാസാക്കുവാൻ അധികാരമില്ലാത്ത, ഔദ്യോഗികമായി ഒരു ഉത്തരവാദിത്തവുമില്ലാത്ത ചില തസ്തികകളുടെ പേരാണ് നോഡൽ ഓഫീസർ. ഇപ്പോൾ പുതിയതായി ഒരു നോഡൽ ഓഫീസർകൂടി പൊട്ടിവീണിട്ടുണ്ട്. കേരളം മുഴുവൻ പരശുരാമന്റെ മഴു എറിഞ്ഞ് പിടിച്ചെടുത്തതുപോലെ അധികാര പരിധിയും നിശ്ചയിച്ച് തേരോട്ടം ആരംഭിച്ചു കഴിഞ്ഞു. പൂജ്യം മോണിറ്ററിംഗ് യൂണിറ്റുകളുടെ പ്രതിവാരനിലവാരം അളക്കുന്നതിനാണ് ഇങ്ങനെയൊരാൾ കഥാപാത്രമായി വന്നിരിക്കുന്നത്.

അദ്ദേഹം നേരത്തെ ജോലി ചെയ്തിരുന്ന സ്ഥലത്തെ പ്രോഗ്രസ് പരിശോധിച്ചാൽ മനസ്സിലാകും ഇദ്ദേഹമാണ് ഈ വിലയിരുത്തലുകൾക്ക് യോഗ്യനെന്ന്. ഓരോ യോഗങ്ങളിൽ വന്നിരുന്ന്, ഇവരേക്കാൾ ഉയർന്ന ഉദ്യോഗസ്ഥരെ പുച്ഛിച്ചു സംസാരിക്കുന്നതു കേൾക്കുമ്പോൾ എന്തൊക്കെയോ തോന്നിപ്പോകും. യാതൊരു ബഹുമാനവുമില്ലാതെയുള്ള ഇവരുടെ സംസാരം മീറ്റുംഗുകളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുടെ മുമ്പിൽ വെച്ച് ഉയർന്ന ഉദ്യോഗസ്ഥരെ കൊച്ചാക്കുവാൻ കാട്ടുന്ന വിക്രിയകളും വികൃതിത്തരങ്ങളുമാണ്.

ഇങ്ങിനെ നോഡൽ ഓഫീസറായി വെയ്ക്കുന്നവർ ഒരു ചുക്കും ചെയ്യുന്നില്ല. സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ ചെയ്യുന്ന കാര്യങ്ങളുടെ വിളവെടുപ്പു നടത്തുക മാത്രമാണ് ഇത്തരക്കാർ ചെയ്യുന്നത്. സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ മാനസികമായി പീഡിപ്പിക്കുവാൻ ഒരാളുകൂടി വന്നുവെന്നു മാത്രം. പൂജ്യത്തിൽതുടങ്ങി പൂജ്യ

ഇത്തരക്കാർ അധികാര രാഷ്ട്രീയ ത്തിന്റെ മത്തുപിടിച്ച് എന്തും പറയാം എന്തും ചെയ്യാം ആരുണ്ടിവിടെ ചോദിക്കുവാൻ എന്ന തരത്തിൽ ചിന്തിക്കുന്നവരാണ്. അഹങ്കാരത്തിന്റെ കൊടുമുടിയിൽ വിലസുന്ന ഇത്തരം ആളുകൾ ഉരുണ്ട് താഴെ വീഴുവാൻ വലിയ താമസമൊന്നുമില്ലെന്ന സത്യം മനസ്സിലാക്കുന്നത് അവർക്കു നല്ലതാണ്. ഇത്തരക്കാരുടെ പ്രഹസനങ്ങൾക്ക് പുല്ലുവില പോലും നല്കാതെ തള്ളിക്കളയാനുള്ള ധൈര്യം ഉദ്യോഗസ്ഥർ കാണിക്കുവാൻ തുടങ്ങിയാൽ ഇവരുടെയെല്ലാം അർഹതയില്ലാത്ത അഹങ്കാരത്തിന് മൂക്കുകയറിടുവാൻ കഴിയും. ഇവരെ നിലയ്ക്കു നിർത്തേണ്ടത് മര്യാദയ്ക്കു ജോലി ചെയ്യുന്നവർക്ക് ആവശ്യവുമാണ്. ഇല്ലെങ്കിൽ ഇവർ തലയിൽ കയറി ചായ തിളപ്പിച്ചെന്നു വരും. അല്പം ധൈര്യം കാണിച്ച് നിയമ വിരുദ്ധമായ കാര്യങ്ങൾ ചെയ്യാനാവില്ല എന്നു പറയുവാൻ ഉദ്യോഗസ്ഥർ തയ്യാറായാൽ അവിടെ തീരും ഇവരുടെയൊക്കെ ഭീഷണികളും പരിഹാസങ്ങളും. ഉത്തരവാദപ്പെട്ട ഒരു ജോലിയും ചെയ്യാതെ ഭൂമി കറങ്ങുന്നത് തന്റെ വിരൽ ഞൊടിക്കുമ്പോഴാണെന്ന തോന്നലുണ്ടാക്കി നടക്കുന്നവരെ നിലയ്ക്കുനിർത്തേണ്ടത് കാലത്തിന്റെ ആവശ്യമാണ്, അല്ലെങ്കിൽ ജീവനുണ്ടെന്നുവിചാരിക്കുന്ന നമുക്കൊക്കെ നാണക്കേടാണ്. അവർക്കുനാണമില്ലെങ്കിലും.

✵

ത്തിലവസാനിക്കുന്ന പൂജ്യം മോണിറ്ററിംഗ് യൂണിറ്റ് തന്നെ ഒരു മോണിറ്ററിംഗ് മാത്രം നടത്തുന്ന യൂണിറ്റാണ്; അവരായിട്ടു ഒരു കാര്യവും ചെയ്യുന്നുമില്ല, അവരായിട്ട് ഒരു കാര്യവും ചെയ്യാനുമില്ല. അങ്ങിനെയുള്ളവരെ മോണിറ്റർ ചെയ്യാതെ താഴെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെയും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർമാരെയും പിപ്പിടികാണി ക്കലാണ് ഇവരുടെ ഹോബി.

സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ മാരുടെ ജോലിഭാരം എന്തെങ്കിലും ഇവരായിട്ടു കുറച്ചു തന്നിരുന്നെങ്കിലാശിച്ചുപോയിട്ടുണ്ട്. എന്നാൽ മതിലുകളിൽ സിനിമാപോസ്റ്ററൊ ട്ടിക്കുന്നവന്റെ നിലവാരമാണ് ഈ നോഡൽ ഓഫീസർമാർ സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ മാർക്ക് നൽകുന്നത്. പോസ്റ്ററിൽ എന്തായാലും ഒട്ടിച്ചു നടക്കുക, പോസ്റ്ററിലെ പടമൊന്നും തിരുത്തുവാൻ അധികാരമില്ലല്ലോ, ഞങ്ങളെപ്പോലെയുള്ള പാവങ്ങൾ മാറി മാറി വരുന്ന പോസ്റ്ററുകൾ ഒട്ടിച്ചു നടക്കുകമാത്രം.

സംസ്ഥാനം മുഴുവൻ അധികാരമുണ്ടെങ്കിലെ ഇത്തരക്കാർക്കു പ്രവർത്തിക്കാൻ സാധിക്കുക യുള്ളു. അല്ലെങ്കിൽ വലിയകുറച്ചിലാണ്. ഓടി നടക്കുവാൻ വാഹനവും ചെല്ലുന്നയിടങ്ങളിൽ മൈതാന പ്രസംഗങ്ങൾക്ക് വേദിയും ലഭ്യമായാൽ നോഡൽ ഓഫീസർമാർ ഹാപ്പിയായി.

വൈദ്യുതി ബോർഡിന്റെ എന്തെങ്കിലും പ്രവർത്തികൾ ലക്ഷ്യം കാണണമെന്ന് ഇവർ ക്കൊന്നും യാതൊരു നിർബന്ധവുമില്ല. ഇലക്ട്രി സിറ്റി ബോർഡിന്റെ ശമ്പളവും ഒരു പണിയും ചെയ്യാതെ സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർമാരെയും മഹായോഗങ്ങളി ലേക്കു വിളിച്ചുവരുത്തി സ്റ്റാറ്റസുകൾ പറയു മ്പോഴും ആരെങ്കിലും എന്തെങ്കിലും അഭിപ്രായ ങ്ങൾ പ്രകടിപ്പിച്ചാലും ഇത്തരക്കാർ നിന്നു തുള്ളുവാൻ തുടങ്ങും. സംഘടനാ മേലാളന്മാർക്ക് വിലസുവാനും വട്ടം കൂടിയിരുന്ന് സംഘടനാ പ്രവർത്തനങ്ങൾ ആലോചി ക്കുവാനുമായി മാത്രം ഉണ്ടാക്കിയ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകളിൽ ഇത്രയും കാലം ഇരുന്ന് വേരിറങ്ങിയവരെ വിളിച്ചുവരുത്തി ഒന്നും ചോദിക്കുവാൻ ഈ നോഡൽ ഓഫീസർമാർക്ക് ധൈര്യമില്ല. അവരുടെ മുട്ടിടിക്കും. ഇത്ര നാളും ശമ്പളം നല്കി ഇങ്ങനെയുള്ള യൂണിറ്റുകളിലുള്ള വർ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് ആരൊക്കെയാണെന്ന് തിരിച്ചറി യാൻ യാതൊരു പ്രയാസവുമില്ല. ഇപ്പോൾ യൂണിറ്റുകളുടെ പ്രോഗസുകൾ നോക്കു വാൻ തുടങ്ങിയപ്പോൾ അവിടെ നിന്നും ചിലരൊക്കെ ഒഴിഞ്ഞുപോകുവാൻ തുടങ്ങി. അവിടേക്കുപകരം മറ്റ് ആളുകളെ വെയ്ക്കുന്നത് അവരോടുള്ള സ്നേഹ കൂടുതലുകൊണ്ടല്ല; മറിച്ച് എന്തെങ്കിലും നല്ലതൊക്കെ ഈ യൂണിറ്റുകൾ വഴി നടന്നു കാണണ മെന്ന് ആഗ്രഹമുള്ളവർ തലപ്പത്ത് അവശേ ഷിക്കുന്നതുകൊണ്ടാണ്. തടിച്ച പുസ്തക ങ്ങളുണ്ടാക്കി തലയിണയാക്കി ഉറങ്ങുന്ന വരെ കൊണ്ട് നിറഞ്ഞിരിക്കുന്ന പി.എം.യു. എന്ന സംവിധാനം കൊടു ക്കുന്ന ശമ്പളത്തിനുള്ള ജോലി ചെയ്യുവാ നുള്ള ലക്ഷ്യവും മാർഗവും നൽകി എന്തെങ്കിലും റിസൾട്ടുണ്ടാക്കുകയാണ് വേണ്ടത്. അല്ലാതെ അവരുടെ കണക്കു നോക്കാനെന്ന പേരിൽ പുതിയ നോഡൽ ഓഫീസറും സഹായികളും മഹായോഗ ങ്ങളും ചീത്തവിളികളും അല്ല വേണ്ടത്.

ഞങ്ങളെ പോലുള്ളവരുടെ ജോലി ഭാരം കുറയ്ക്കുവാനെന്ന പേരിൽ വരുന്ന ഓരോ സംഗതിയും ഞങ്ങളുടെ തലയ് ക്കിട്ട് ചുറ്റികയടിക്കുന്ന പ്രകൃതമാണ് കാണിക്കുന്നത്. നോഡൽ ഓഫീസറാ യാലും പി.എം.യു. ഓഫീസറായാലും ഇത് സഹിക്കാനാവാതെ ഞങ്ങൾ ശക്തമായി പ്രതികരിച്ചെന്നുവരും, കുറ്റം പറയരുത്.

✵

# Draft Regulation - KSERC (Renewable Energy and Net Metering) Regulations 2019 – Comments Submitted by KSEBEA

## Comments on Renewable Energy & Net-metering Regulation 2019

2. **Definitions**
   - Need clarity between captive consumer & prosumer
   - (be) Hydro irrespective of the capacity need to be included in RES (as per GoI notification dated: 8/3/2019
   - (bj) Solar meter: may be defined as in CEA metering regulation. It is being stated as integral part. However, in CEA metering regulation same is not included in any meeting requirements.
   - (aj) & (cc): Net meter & Renewable energy meter definitions are confusing with different meaning with respect to CEA (2y) of metering regulation Amendment 2013.
   - (bf) Seller Licensee: Such a term is irrelevant, and every licensee is empowered as a trader and can sell electricity to another licensee.
3. Hydro generation, irrespective of capacity may be considered for meeting the Solar and Non-Solar RPO
4. RPO Distribution Licensee
   - Please introduce hydro RPO and consider Hydro generation to meet Solar and Non-Solar RPO requirement.
5. RPO Captive Consumer: How to enforce the RPO for a captive consumer unless he maintains a metering system and the data monitored appropriately by appropriate authority? Hence an enforcement mechanism need to be considered.
7. Preferential Purchase of RE from within the state
   - This is discriminatory and not in tune with the policy. Kerala is importing more than 70% of energy from outside state and open access is allowed for the consumer irrespective of the availability of internal energy. This also discourages economical usage of resources. RE energy within the state is generally costlier than that out-side state.
   - GoI policy of bundled procurement of RES is in contradiction with this clause.
   - Procurement of REC for RPO itself is in contradiction with preferential purchase from the state.
8. Procurement of REC for RPO: REC and Preferential purchase of RE from state may not go hand in hand
9. State agency: for accreditation and recommending renewable energy Projects. A procedure for the same may be considered.

11. RPO: permission to carry forward the short fall may be considered on genuine reason and with a reasonable penalty and under non availability of REC.

## GI RES of Capacity of and below 1MW installed by prosumer.

**Issue of feasibility for allowing RES connectivity.**

Feasibility need to be considered based on real time load and demand in the appropriate infrastructure. Allowing 100% RES against transformer capacity shall end up at safety issues and grid security issues. Average loading of a distribution transformers during the day is normally less than 60% without RES injection. Allowing 100% RES capacity may lead to the creation of local islands even when the feeder supply fails and can lead to safety issues. Moreover, the distribution transformers are not designed for import/export operation and can affect its useful life if used for exporting energy to the grid. As such, there shall be issues when generation exceeds load under a Distribution transformer at any point of time.

And we are not insisting a real time monitoring mechanism by installing appropriate metering infrastructure or other monitoring mechanism to ensure correct intervention at right time.

As such, the safety and grid security are compromised by the blind folded operation of the distribution grid with so many distributed generating sources without real time view and control.

12. Scope & Application

- (1) the term net metering facility may be replaced with RE metering facility as in CEA metering regulation.

13. General conditions

- (1) Installation of meter and Metering need to be in tune with EA & CEA metering regulations.
- (2) a. 1kW to 1000kW but limited to connected load/contract demand.
- (3) Need to use the same service line
- (4) Capacity permissible as per the provisions of SC-2014

*Allowing RES up to the connected load/contract demand without network studies shall complicate distribution grid and compromise grid security and safety. Moreover, it can make the grid management difficult with so many unpredictable load / generation components and at the same time without real time data for viewing or control.*

*We suggest introduction of appropriate SCADA mechanism to view the real time demand/load data of the network at feeder level and transformer level before introducing such drastic changes which may risk the grid security, safety and reduce the reliability and useful life of the distribution equipments.*

14. Net metering need to be replaced with RE meter as CEA specify metering system in tune with normal generator for connectivity above 440V LT. The metering system need to comply the CEA metering regulation.

15. Compliance with CEA standards and metering regulations need to be ensured.
16. (3) & (4) The provision of the testing fee needs to be clarified.
17. Wheeling of excess energy to another premise.
    - (5): Need to bear the wheeling charge and distribution loss as approved. Since the prosumer is using the transmission & distribution system for injection and withdrawal, appropriate charges need to be collected and the amount need to be accounted appropriately to reduce the transmission/ distribution investment cost of the system in appropriate tariff.
18. Feasibility for RES
    - Already commented
19. Grant of connectivity:
    - Within 30 days of intimation of feasibility, register the RES scheme with appropriate doc
    - Distribution licensee scrutinise within 7 days intimate defects and registration fee required.
    - Register and valid for 1 year. And extent another 6 moths if no application is pending for feasibility: The period may be limited to 6months plus 6 months % Feasibility criterion need clarity and need to be evaluated based on system condition and infrastructure as remarked earlier.
    - Sanction of EI is relevant for capacities above 10kW as per CEA safety & GO, Hence, need to be modified accordingly.
    - (7): Testing of installation can never be the responsibility of the Licensee and it is the responsibility of the owner of the premise or prosumer/consumer. May be done through a third party. The licensee need not maintain such an expertise with investments. If at all done, same can be done only at a cost based on open quotation or tender.
    - (8): connection agreement and connecting the RES to the distribution system within 7 days of agreement.
20. Banking facility:
    - Period: Billing period
    - 95% of the energy for banking and 5% as grid support charge

**Grid Support Charge:**

As per para 6.10.6 of National Electricity Plan 2018 Volume-I (Generation); the Integration of variable RES involves two types of costs namely Grid Infrastructure Cost and System Operation Cost.

Grid infrastructure costs include grid connection and grid upgrading costs.

1. Grid Infrastructure Cost

a. Grid connection Cost: include the cost of a new transmission line from the variable RES plant to the existing grid, which would be higher than those for a

coal-based plant, due to lower CUF. This cost depends basically on the distance between the 3plant and the grid, the voltage level of the connection line, and the availability of standard equipment.

i. For Solar, the grid connection cost is estimated to be up to 5% of the project investment cost for Solar;

ii. For onshore wind farms, it ranges between 11% and 14% of the total capital cost

b. Grid upgradation Cost: include the cost of additional network equipment needed to strengthen the grid in order to integrate renewable power into the existing grids. They depend mostly on the amount of renewable capacity, the location of the power plants and the structure of the existing grid. This cost for a system with 20% to 30% Renewable energy share is estimated as Rs. 40/- to Rs.240 /- per MWh

2. System Operation Cost: Refer to extra costs incurred in the conventional part of the power system to accommodate the integration of RES in the grid.

   a. Profile Cost: is a broad concept that captures all three impacts of the temporal mismatch between VRE generation and load profile: 1) capacity costs (adequacy costs) due to a low VRE capacity credit; 2) reduced average utilization of thermal power plants; and 3) curtailed VRE generation to maintain grid security when power supply exceeds demand.

   i. For 30%–40% wind/solar penetration the cost is estimated in the range of Rs. 1200–2000/MWh Short-term system balancing costs: Due to the variability and uncertainty properties of VRE generators, the reserve capacity needed for up-and down-regulation increases as compared to the case where the same energy is delivered by conventional generation. The increased requirements for reserve power lead to the extra costs for the conventional part of the power system. These extra costs originate from the measures taken to ascertain increased reserve power, for example, by the operation of conventional plants at partial load, the start-up costs and contribution of conventional power plants with higher operating costs in the power system, increased wear-and-tear and maintenance costs of plants. Kindly note that a flexibility of 30% is allowed in scheduling of solar & wind in the prevailing ABT regime and at least that much reserve is required in the system to ensure grid security and stability.

   As such, the 5% grid support cost envisaged is not at all comparable with the actuals and hence need to be revised appropriately.

   - (2) Electricity generated from RES accounted as RPO? Normally, Th energy in jected to the grid only shall be considered for RPO.

21. Net metering, Energy accounting, banking and settlement.

   - Above 20kW: Time block wise RE generation & consumption
     - ➢ 80% of the energy allowed for peak and full in other time blocks

- Excess energy can be carried forward to next billing cycle aIer 5%banking charge: may be renamed as system operation charge or grid support charge as specified in NEP

- 20kW & below: Total generation & consumption
  - Full energy allowed in other time blocks
  - Excess energy carried over to other billing cycle aIer 5% banking charge
  - If banking charge is paid during billing period, then there shall not be any banking charge for carry forward.
  - SeJlement @ Average power purchase cost (APPC) and need to pay interest in case of delay beyond 30 days.
  - The RE generated by prosumer is qualified for RPO

**Settlement of Energy injected into the grid:**

As the cost of energy is frequency dependent and time dependent, it is proposed that the energy injected into the system may be settled in cost basis rather than energy basis.

In case of RES at 20kW & below, the energy may settle based on its cost on time zone basis, that is peak zone, off peak zone and day zone. 4In case of RES above 20kW, the energy may be settled based on its market cost for the 96 time blocks (15 minutes) in the day of injection. Appropriate metering infrastructure may be specified for the same.

**Chapter VI : Prosumers having Capacity more than 1MW**

Need to limit is specified above 1MW. Kindly limit the capacity to 5MW maximum. Prosumers having capacity more than 1MW may submit 15 minutes time block injection schedule to appropriate authority and make deviation settlement applicable to them. They need to comply the relevant CEA connectivity regulation based on their connectivity level.

The prosumers with connectivity at of and below 33 kV need to comply CEA connectivity regulation 2013 for distributed generation

And those prosumers above 33kV level shall not be considered as distributed generation and need to comply CEA connectivity generation 2007

**22. Scope:**

- Captive consumer @ a different location but within the area of licensee
- RE generator as an independent power producer- for third party sale.

23. Connectivity.

- Penal action against licensee if delays connectivity.

24. Metering system.

- Special Energy Meters (SEM) as specified in CEA metering regulation

25. Open Access

- As per relevant regulations: Conflict between regulations need to be addressed

26. General Conditions for Prosumer with RE plant more than 1MW in his premise.
   - 5% grid support charge: Already remarked
   - If the 95% energy is consumed during the same time block (need clarity as it should be actual) then no transmission/wheeling/ loss charges
   - Consumption during different time block
     - ➢ 80% during the peak & full in other ;me block:
   - Excess energy is allowed to carry forward with 5% banking charge
   - Final settlement based on Average pooled power purchase cost.
     - ➢ This should be based on block wise cost.
   - Allowed towards RPO of the licensee.

***Remark: Settlement based on 15-minute time block wise market cost is requested.***

27. Captive RES at different location within the area of licensee.
   - Need to pay transmission charges, wheeling charges, T&D loss etc. as approved by the Commission
   - Net energy after loss is allowed in the same time block.
   - For different time block
     - ➢ 5% grid support charge
     - ➢ 80% of the net during peak Mme: It is not encouraging grid discipline and shall burden normal consumers
     - ➢ 100% of the net during other blocks..
- Carry forward allowed for excess energy
  - ➢ 95% of the net.
  - ➢ If 5% grid support charge is paid, then no further charge
- Final settlement based on Average pooled power purchase cost.

***Remark: Settlement based on 15-minute time block wise market cost is requested.***

   - RPO allowed for captive consumer and balance for licensee.
   - This type of accounting shall be valid till deviation settlement mechanisms.

28. Independent RE generator / OA consumer.
   - Need to pay transmission charges, wheeling charges, cross-subsidy surcharges, T&D lossetc
   - Need to comply OA regulations.
   - No time block adjustment and banking facilities.

29. Accounting and settlement for producers (Reg 26 & 27)
   - Billing information and sharing
   - ➢ Time block wise electricity consumpMon, RE generated and injected, net energy banked from previous period, net energy billed with calculation details, excess energy etc.

***Remark: Settlement based on 15-minute time block wise market cost is requested.***

❋

REPORT

# Dr. APJ Abdul Kalam Energy Quiz 2019 State Finals

Dr. APJ Abdul Kalam Energy Quiz -2019 (4th edition) state finals were conducted on 7th November 2019 at Jawaharlal College of Engineering and Technology Mangalam, Palakkad.

The program was inaugurated by **Dr.Sukumaran Nair.V.P**, Principal,JCET. The chief guests of the function were **Er. James .M. David**, Chief Engineer Distribution Central and **Er. Tenson.M.A**, Chief Engineer Distribution North, KSEBL. **Er. N.T.Job**, State President of KSEBEA presided over the function and **Er. E.K.Radhakrishnan**, Chairman, KSEBEA, Palakkad unit delivered the welcome address. **Prof. Dr. K. Umesha**, Vice Principal &HOD,EEE, and **Prof. C. Venugopal**, HOD, ECE,, and retired scientist ISRO of JCET felicitated the function and **Er. Sunil.K**, General Secretary, KSEBEA tendered the vote of thanks.

23 teams from all the districts our State participated in the competition. Six teams viz. **Rajith R** and **Manikandan S** of Younus College of Engineering & Technology, Kollam, **Roshan k & Anjana Maniyote** of LBS College of Engineering, , Kasaragod, **Sambhu Nair.V.S** and **Sidhardh Sreekumar** of Amal Jyothi College of Engineering, Kanjirappally, Kottayam), **Jerin C Chacko** and **Sooraj.S.Das** of Saintgits College of Engineering, Kottayam, **Hari Bhaskar.J** of National Institute of Technology Calicut, **Vineeth.V.NAIR** and **Sanju.P.P** of NSS College Of Engineering, Palakkad qualified to the final round after the preliminary round.

The finals was a tightly fought completion in which **Sambhu Nair.V.S and Sidhardh Sreekumar**, 7th semester Mechanical engineering students of **Amal Jyothi College of Engineering, Kanjirappally, Kottayam** bagged the top spot. **Hari Bhaskar.J** 7th semester Electrical & Electronics student of National Institute of Technology Calicut stood at second place after a tie breaking round of questions. **Rajith.R and Manikandan.S**, 7th semester Electrical & Electronics students of Younus College of Engineering & Technology, Kollam were at the 3rd place.

**Er. Anilkumar .G**, Secretary South of KSEBEA was the quiz master of this event.

In the closing ceremony mementos, cash award and certificates were distributed by **Er. Rajan Joseph** Chief Engineer Transmission North, KSEBL, **Er. Parameswaran,** Chief Engineer, Retired, KSEBL and the learned faculty of the College. A team of esteemed engineers of our association from Palakkad, Trissur, Ernakulam District in addition to the Central Office bearers actively participated in this event.



## WEBINAR



KSEBEA CEEBA is planning to conduct series of technical talks with the intention to refresh its members and Engineers on relevant subjects. The mode of delivery will be as webinars, recorded classes and contact classes. First of its kind is in webinar mode. We are bringing experts in the area as resource persons. Expecting your whole hearted support.

# Pre-commissioning checks and tests of high voltage current transformers (CTs)



*Er. Anoop Vijayan*
Assistant Engineer

## Checks and tests applicable for CTs

Once erection is completed, various pre-commissioning checks and tests are performed to ensure the healthiness of



the switchyard equipment prior to their energization. This technical article explains various major electrical tests applicable for current transformers (CTs)

Pre-commissioning checks and tests of high voltage current transformers (CTs)

The name of tests to be performed on CTs along with their brief description is mentioned in the table below. Later, they will be explained in details.

**Table of content:**

| No. | Name of test / check point | Purpose of test / check |
|---|---|---|
| 1. | Polarity test for CT | To ascertain whether the polarity markings are correct or not as per drawing. |
| 2. | Magnetization characteristics of CT | To prove that the turns of CTs secondary windings are not short circuited and to check healthiness of CT cores. The magnetizing currents at KPV (Knee point voltage) should be less than the specified value. The ratio of secondary and primary voltage should also be measured. |
| 3. | Ratio test for CT | The ratio errors of the primary to the secondary currents should within specified ratio errors. |
| 4. | IR measurement of CT (Primary & amp; Secondary windings) | Changes in the normal insulation resistance (IR) value of CT indicate abnormal conditions such as presence of moisture, dirt, dust, crack in insulator of CT and degradation of insulation. |
| 5. | DGA test of CT oil | This test should be conducted after 30 days of commissioning. The purpose is to identify evolving faults in the CT and DGA values should be comparable with factory values (if available). |

**IMPORTANT NOTES!**

All measures and precautions should be undertaken to prevent occurrence of unsafe acts. All the personnel involved should be thoroughly apprised about the safe procedures to be adopted while performing various activities including carrying out tests in the switchyard.

*" **Adequate fire-fighting system as per procedures and their healthiness is to be ensured before charging.** Warning signs and safety barriers should be positioned "*

## 1. Polarity Test For CT

A centre zero voltmeter is connected across CT secondary. A 1.5 Volt battery is touched to primary of CT. The deflection of pointer should be similar in case of each CT core. At any instant current entering the primary from **P1** the current should leave secondary from the terminal marked **S1**.

A setup shown in the Figure 1 can show whether the polarity markings are correct or not.




Figure 1 : CT polarity test setup

